എസ്.എൽ.ആർ. വിഭാഗത്തിന് പ്രൊവിഡന്റ് ഫണ്ടും പെൻഷനും ഒന്നുമില്ല. അതുകൊണ്ട് എങ്ങനെയെങ്കിലും ഇത് പരിഗണിച്ച് 2000 വരെ ഉള്ളവരെയെങ്കിലും എസ്.എൽ.ആർ. ആക്കി നിയമിക്കാനുള്ള തീരുമാനം ഉണ്ടാകണം. ലിസ്റ്റിൽ എത്ര ആളുകൾ വന്നാലും ഉടനെ തന്നെ നിയമനം കൊടുക്കേണ്ടിവരില്ല, കാരണം ഒഴിവ് വരുന്നത് കണക്കാക്കിയാണ് നിയമനം കൊടുക്കുന്നത്. വലിയ സാമ്പത്തിക ബാധ്യത ഇതുമായി ബന്ധപ്പെട്ടുവരില്ല. അതുകൊണ്ട് അത് പുനഃപരിശോധിക്കണമെന്നുള്ള ആവശ്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)*: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ തന്നെ വളരെ കൂടുതൽ പേർ ഉള്ളതുകൊണ്ടും വേണ്ടത്ര ഒഴിവുകൾ ഇല്ലാത്തതുകൊണ്ടുമെല്ലാമാണ് അത് റിജക്ട് ചെയ്തത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞത് പുതിയ നിർദ്ദേശമാണ്. നിശ്ചയമായും അത് പരിശോധിക്കാം. അതിന്റെ പ്രായോഗികവശങ്ങൾ പഠിച്ചിട്ട് അത് സംബന്ധിച്ച് ഒരു തീരുമാനമെടുക്കുമെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്.

(2) മങ്കട നിയോജകമണ്ഡലത്തിലെ വിവിധ ഭാഗങ്ങളിൽ വർദ്ധിച്ചുവരുന്ന ക്രിമിനൽ കുറ്റങ്ങൾ

ശ്രീ. മഞ്ഞളാംകുഴി അലി: സർ, മങ്കട മണ്ഡലത്തിൽ കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ വിവിധ പഞ്ചായത്തുകളിലായി ഏഴ് കൊലപാതകങ്ങൾ നടന്നു. രാത്രിയിൽ നിർത്തിയിട്ടിരിക്കുന്ന ജീപ്പ് കത്തിക്കുക, കലാപരിപാടികൾ നടത്താൻ ഉണ്ടാക്കിയിരുന്ന സ്റ്റേജ് കത്തിക്കുക, പട്ടാപ്പകൽ വീട് കുത്തിത്തുറന്ന് മോഷണം നടത്തുക അങ്ങനെ പലവിധ കുറ്റകൃത്യങ്ങളും പെരുകുകയാണെങ്കിലും ഇതുവരെയും പ്രതികളെ ആരേയും അറസ്റ്റ് ചെയ്തിട്ടില്ല. 18-10-2004-ൽ നളിനി എന്ന സ്ത്രീയെ കുളത്തൂരിൽ അവരുടെ വീട്ടിൽ വൈകുന്നേരം എട്ട് മണിയോടെ കൊലചെയ്യപ്പെട്ടതായി കണ്ടു. അതുപോലെ തന്നെ മങ്കട പഞ്ചായത്തിലെ വെള്ളമില്ലാത്ത കിണറ്റിൽ വെവ്വേറെ ദിവസങ്ങളിൽ കൊലചെയ്യപ്പെട്ട രണ്ട് മൃതദേഹങ്ങൾ കണ്ടു. 20 ദിവസം മുമ്പ് മക്കരപറമ്പ് പഞ്ചായത്തിൽ ഉമ്മുക്കുൽസു എന്നു പറയുന്ന 27 വയസ്സുള്ള സ്ത്രീ ദുരൂഹ സാഹചര്യത്തിൽ പൊള്ളലേറ്റ് മരിച്ചുകിടക്കുന്നതായി കണ്ടു. ഇവർ മരിച്ചു കിടന്നിരുന്ന വീട് ആരോ പുറത്തുനിന്ന് പൂട്ടിയിരുന്നതുകൊണ്ടും മൃതദേഹത്തിന്റെ കിടപ്പ് കണ്ടാലും അവരുടെ 90 ദിവസം മാത്രം പ്രായമായ കുഞ്ഞ് ഒരു പോറൽ പോലും ഏൽക്കാതെ തൊട്ടടുത്തറുമിൽ കിടന്നിരുന്നതുകൊണ്ടും ഇതൊരു കൊലപാതകമാണെന്ന് സംശയമുണ്ടായിരുന്നു. പക്ഷേ സത്യസന്ധമായി കേസ് അന്വേഷിക്കാൻ പോലീസ് ശ്രമിക്കുന്നില്ല, പ്രതികളെ രക്ഷിക്കാനാണ് അവിടുത്തെ സി.ഐ. യുടെ ശ്രമമെന്ന് നാട്ടുകാർ ആരോപിക്കുന്നു. അതിവേഗം ഈ കേസ് അന്വേഷിക്കാനും പ്രതികളെ ബഹുദൂരം സഞ്ചരിക്കാൻ അനുവദിക്കാതെ പെട്ടെന്ന് പിടിക്കുന്നതിനുംവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)*: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ചില സംഭവങ്ങൾ അവിടെ ഉണ്ടായിട്ടുണ്ട്. 6-6-2005-ന് തമിഴ്നാട് സ്വദേശി രാജേന്ദ്രനെ കൊലപ്പെടുത്തിയ കേസിൽ രണ്ടുപേരെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. സെയ്തലവിയെ പൂർവ്വവൈരാഗ്യംവച്ച് മുരളി എന്നയാൾ കൊലപ്പെടുത്തി. അതിലെ പ്രതികളെ തിരിച്ചറിഞ്ഞു. കേസ് രജിസ്റ്റർ ചെയ്ത് ഒളിവിൽ പോയ പ്രതികളെ അറസ്റ്റ് ചെയ്യാൻ വേണ്ടിയുള്ള ഊർജ്ജിത അന്വേഷണം നടന്നുകൊണ്ടിരിക്കുന്നു. ഇവിടെ പറഞ്ഞ സാബിറ എന്ന യുവതി തൂങ്ങി മരിച്ചിരുന്നു. 27-7-2005-ന് വേലായുധൻ മുങ്ങി മരിച്ചു. 65 വയസ്സുള്ള താമി എന്നയാൾ വിഷം കഴിച്ച് മരിച്ചു. ഈ കാര്യങ്ങൾക്കെല്ലാം അസ്വാഭാവിക മരണം എന്ന പേരിൽ കേസ് എടുത്തിട്ടുണ്ട്. ഉമ്മുക്കുൽസു എന്ന സ്ത്രീ തീകത്തി മരിച്ചതായി കിട്ടിയ പരാതിയുടെമേൽ പോലീസ് ഊർജ്ജിതമായ അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. 38 വയസ്സുള്ള ഹരിദാസൻ വിഷം കഴിച്ച് മരിച്ചതായിട്ടാണ് പോലീസിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങൾ പ്രത്യേകമായി പരിഗണിക്കാം. ഉമ്മുക്കുൽസു തീകത്തിയാണ് മരിച്ചിട്ടുള്ളത്. അത് പ്രത്യേകം അന്വേഷിക്കുന്നതിനു വേണ്ട നിർദ്ദേശം കൊടുക്കുന്നതാണ്. സംശയാസ്പദമായ നിലയിൽ വന്നിട്ടുള്ള കേസുകൾ അന്വഷിക്കും അതിൽ എന്തെങ്കിലും അപാകതയുണ്ടെങ്കിൽ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. ജെ. ജോയി)

(3) തൃശ്ശൂർ ജില്ലയിലെ കെ. രാജൻ എന്നയാളുടെ കൊലപാതകം

ശ്രീ. പി. കെ. കെ. ബാവ: സർ, ഗുരുവായൂർ നിയോജകമണ്ഡലത്തിലെ കടപ്പുറം പഞ്ചായത്തിലെ പ്ലാങ്ങാട് കാട്ടിലപ്പള്ളിക്കുസമീപം വളരെ വർഷങ്ങളായി കച്ചവടം ചെയ്തുവരികയായിരുന്ന കൊല്ലം സ്വദേശി കുളങ്ങരത്ത് രാജൻ എന്നയാൾ 3-7-2005-ന് ദാരുണമായ നിലയിൽ രാത്രിയിൽ അദ്ദേഹത്തിന്റെ കടയിൽത്തന്നെ കൊലചെയ്യപ്പെട്ടതായി കാണാനിടയായി. നാട്ടുകാർ എല്ലാവരും ഒറ്റക്കെട്ടായി ഇതിന് ഉത്തരവാദികളായവരെ കണ്ടെത്തണമെന്ന് ശക്തമായി ആവശ്യപ്പെട്ടിട്ടും ഇതുവരെ ഫലപ്രദമായ അന്വേഷണം പോലീസിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. ചിലരെയൊക്കെ ചോദ്യംചെയ്തു എന്നതൊഴിച്ചാൽ പ്രതികളെ കണ്ടെത്താൻ ഇതുവരെ സാധിച്ചിട്ടില്ല. അതുകൊണ്ട് കേസന്വേഷണം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രത്യേക താൽപ്പര്യമെടുത്ത് ക്രൈംബ്രാഞ്ചിനെ ഏൽപ്പിച്ച്, അന്വേഷണം ത്വരിതപ്പെടുത്തി ഉത്തരവാദികളായവരെ പുറത്തുകൊണ്ടുവരണം എന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)*: സർ, 62 വയസ്സുള്ള രാജനെ കൈകാലുകൾ കെട്ടി തലയ്ക്കടിച്ച് കൊലപ്പെടുത്തിയ നിലയിലാണ് കാണപ്പെട്ടത്. ഒരു മോതിരവും ഒരു മൊബൈൽ ഫോണും അക്രമികൾ കവർച്ച ചെയ്തിരുന്നു. ഇതിനെ സംബന്ധിച്ചുള്ള അന്വേഷണം ശക്തമായി നടക്കുകയാണ്. 37 പേരെ ഇതിനകം ചോദ്യം ചെയ്ത് തെളിവുകൾ ശേഖരിച്ചിട്ടുണ്ട്. പ്രതികളെ വേഗത്തിൽ കണ്ടെത്താൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കേസിന്റെ അന്വേഷണം ഊർജ്ജിതപ്പെടുത്താനാവശ്യമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly